# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 5, വെള്ളി

**നമ്പർ 64**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റലിൽ മാരകായുധങ്ങൾ കണ്ടെത്തിയതായും അവിടത്തെ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച കേസിൽ പോലീസിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതായും പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. കൃഷ്ണൻകുട്ടി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 934/2017(i).

(2) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ അവശ്യകതയിലേക്ക് ഡോ. എൻ. ജയരാജ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:**

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എം. സ്വരാജ് | സൈബർ കേസുകളിൽ അന്വേഷണം വേഗത്തിലാക്കുന്നതും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പുവരുത്തുന്നതും | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. എ.എം.ആരിഫ് | മാസ്റ്റർ നിസ്സാമുദീന്റെ തിരോധാനം അന്വേഷിക്കുന്നത് | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. ജോൺ ഫെർണാണ്ടസ് | വേമ്പനാട് കായലിന് പ്രത്യേക പദവി നൽകി, വേമ്പനാട് എക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ബാബു | നെന്മാറയിൽ പുതിയ താലൂക്ക് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ബാവിക്കരയിൽ സ്ഥിരം തടയണ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോസ് കുന്നപ്പിള്ളി | തോട്ടപ്പാടം പുളിയിമ്പിള്ളി റോഡിന്റെ പുനരുദ്ധാരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | കണ്ണൂർ ജില്ലയിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും കൂടുതൽ സെക്ഷൻ ഓഫീസുകളും അനുവദിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ:

(i) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. മുല്ലക്കര രത്നാകരൻ 2016 ഒക്ടോബർ 28-ാം തീയതി അവതരിപ്പിച്ചിരുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മറുപടി നൽകി. പ്രമേയത്തിന് ശ്രീ. പി. ടി. തോമസ് 2016 ഒക്ടോബർ 28-ന് അവതരിപ്പിച്ചിരുന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) ശ്രീ. കെ. വി. അബ്ദുൾ ഖാദർ താഴെ പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു.

"ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യരാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.-ലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണ നയം, വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത്, നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശനിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

ശ്രീ. പി. ടി. തോമസ് പ്രമേയത്തിന് ഒന്നാം നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു. താഴെ പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. പി. ടി. തോമസ്

ശ്രീ. ഇ. കെ. വിജയൻ

ഡോ. എൻ. ജയരാജ്

ശ്രീ. പി. ഉബൈദുള്ള.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ മറുപടി നൽകി. ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതിയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച പ്രമേയവും സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ഉദ്ദേശം 35 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.ലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണ നയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യകേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശനിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്നും ആ രാജ്യങ്ങളിലെ ചേംബർ ഓഫ് കോമേഴ്സ്, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ആശയവിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

(iii) ശ്രീ. സി. മമ്മൂട്ടി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

"സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കുംവേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമ നിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീമതി യു. പ്രതിഭ ഹരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ചർച്ച പൂർത്തിയായില്ല.

2017 മേയ് 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Fifth Session

# BULLETIN—PART I

(Brief Record of proceedings)

*Friday, May 5, 2017*

**No. 64**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. T. Thomas and two other Members regarding the serious situation reported to have arisen consequent on the alleged recovery of lethal weapons from the Maharajas College hostel in Ernakulam and the reported failure in taking effective measures to book the culprits in the case of burning of the College Principal's Chair.

In protest against the attitude of the Government in the matter the Members belonging to the opposition staged a walkout.

*Calling Attention:*

(1) Shri K. Krishnankutty called the attention of the Chief Minister to the necessity to institute a special mechanism in the State to implement and to complete Centrally Sponsored Schemes in a time bound manner. The Chief Minister made a statement thereto.

(2) DR. N. Jayaraj called the attention of the Minister for Water Resources to the necessity to complete the drinking water projects in the State in a time bound manner, by co-ordinating various departments. The Minister made a statement thereto.

KNPP. 934/2017(ii).

*Matters raised by Members under Rule 304:*

The matters raised by Members under Rule 304 are given below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എം. സ്വരാജ് | സൈബർ കേസുകളിൽ അന്വേഷണം വേഗത്തിലാക്കുന്നതും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പുവരുത്തുന്നതും | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 2 | ശ്രീ. എ.എം.ആരിഫ് | മാസ്റ്റർ നിസ്സാമുദീന്റെ തിരോധാനം അന്വേഷിക്കുന്നത് | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 3 | ശ്രീ. ജോൺ ഫെർണാണ്ടസ് | വേമ്പനാട് കായലിന് പ്രത്യേക പദവി നൽകി, വേമ്പനാട് എക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ബാബു | നെന്മാറയിൽ പുതിയ താലൂക്ക് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ബാവിക്കരയിൽ സ്ഥിരം തടയണ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോസ് കുന്നപ്പിള്ളി | തോട്ടപ്പാടം പുളിയിമ്പിള്ളി റോഡിന്റെ പുനരുദ്ധാരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | കണ്ണൂർ ജില്ലയിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും കൂടുതൽ സെക്ഷൻ ഓഫീസുകളും അനുവദിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Private Members' Business:*

(1) The Sixth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

(2) Resolutions on matters of general public interest:

(i) The points raised in the discussion on the Resolution moved by Shri Mullakkara Retnakaran as authorised by Shri E. T. Taison Master on 28th October 2016 were replied by Shri E. Chandrasekharan, Minister for Revenue and Housing. The amendment moved by Shri P. T. Thomas on 28th October 2016 was withdrawn by the leave of the House. Then the resolution was unanimously adopted by the House.

(ii) Shri K. V. Abdul Khader moved the following resolution and spoke:

"ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.-ലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണ നയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശനിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

*934/20 (7Ul).*

Shri P. T. Thomas moved amendment No.1 to the resolution. The following Members took part in the discussion:

Shri V. K. C. Mammed Koya

Shri P. T. Thomas

Shri E. K. Vijayan

Dr. N. Jayaraj

Shri P. Ubaidulla.

On behalf of the Chief Minister Shri G. Sudhakaran, Minister for Public Works and Registration replied to the points raised in the discussion. The amendment moved by Shri P. T. Thomas and the resolution moved by Shri K.V. Abdul Khader were withdrawn by the leave of the House. Then the House unanimously adopted the following resolution moved by Shri G. Sudhakaran, Minister for Public Works and Registration, on behalf of the Chief Minister.

"ഉദ്ദേശം 35 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.-ലും 22 ശതമാനം അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണ നയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യകേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശനിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്നും ആ രാജ്യങ്ങളിലെ ചേംബർ ഓഫ് കോമേഴ്സ്, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ആശയവിനിമയം നടത്തി മറ്റ് സ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു."

(iii) Shri C. Mammutty moved the following resolution and spoke:

"സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പ് വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമ നിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

Shri N. A. Nellikkunnu and Smt. U. Prathibha Hari took part in the discussion.

The discussion was inconclusive.

The House adjourned at 12.30 p.m. to meet again at 8.30 a.m. on Monday May 8, 2017.

V. K. BABU PRAKASH,
*Secretary.*